# ലോകത്തിലെ ആദ്യ മൊബൈൽ ഫോൺ ഡിജിറ്റൽ സിനിമ 'ജലച്ഛായം'

ലോക ചലച്ചിത്ര നിർമ്മാണ ചരിത്രത്തിൽ ആദ്യമായി പൂർണ്ണമായും മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ച് ചിത്രീകരിച്ച ഡിജിറ്റൽ സിനിമ ജലച്ഛായത്തിന്റെ (മലയാളം, 35 എം എം) പ്രിവ്യൂ 06.06.2010 തൃശ്ശൂർ ശ്രീ തിയ്യറ്ററിൽ നടന്നു. അന്നുതന്നെ തൃശ്ശൂർ ഹോട്ടൽ എലൈറ്റ് ഇന്റർനാഷണലിൽ നടത്തിയ ജലച്ഛായത്തിന്റെ അവലോകന ചർച്ച അന്തരിച്ച മലയാളത്തിലെ പ്രശസ്ത സിനിമ സംവിധായകൻ ശ്രീ. ലോഹിതദാസിന്റെ ഭാര്യ ശ്രീമതി സിന്ധു ലോഹിതദാസ് ഉദ്ഘാടനം ചെയ്തു.

കേരള സംസ്ഥന റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ പി രാജേന്ദ്രൻ, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ മേയർ പ്രൊഫ. ആർ.ബിന്ദു, സിനിമാ സംവിധായകൻ ടി കെ വാസുദേവൻ, സിനിമാ നടി കൃപ, തുടങ്ങിയ പ്രമുഖർ പങ്കെടുത്തു. ഇന്ത്യയിലെ ആദ്യത്തെ മൊബൈൽ ഫോൺ ചലച്ചിത്രാ വിഷ്ക്കാരമായ 'വീണാവാദനം' എന്ന മലയാളം ഡോക്യുമെന്ററിയുടെ സംവിധായകൻ സതീഷ് കളത്തിലാണ് ജലച്ഛായത്തിന്റേയും സംവിധായകൻ.

ഒരു കുഗ്രാമത്തിലെ വെറുമൊരു സാധാരണക്കാരനായ സദാനന്ദനെ ചിത്രകല അദ്ധ്യാപകനായ മോഹൻ യാദൃച്ഛികമായി പരിചയപ്പെടുകയും ചിത്രകലയിലുള്ള സദാനന്ദന്റെ അഭിരുചി മനസ്സിലാക്കിക്കൊണ്ട് ചിത്രകലയുടെ ആധുനിക സങ്കേതങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നു. മോഹന്റെ പ്രതീക്ഷകൾക്കും അപ്പുറം സദാനന്ദൻ സൃഷ്ടിക്കുന്ന മികച്ച രചനകളെ മോഹൻ വില കൊടുത്ത് വാങ്ങുന്നു. എന്നാൽ, മോഹന്റെ സ്വാർത്ഥ താത്പ്പര്യങ്ങൾക്കാണ് മോഹൻ തന്നെ ഉപയോഗിക്കുന്നതെന്ന് സദാനന്ദൻ അറിയുന്നില്ല. താൻ ദൈവമായി കരുതുന്ന മോഹൻ, തന്നെ വഞ്ചിക്കുകയാണെന്ന് അറിയുമ്പോൾ ആ നിമിഷത്തെ സദാനന്ദൻ എങ്ങനെ അതിജീവിക്കുന്നു എന്നതാണ് ജലച്ഛായം പറയുന്നത്.

തൃശ്ശൂർ മോഹൻ സിത്താര സംഗീത കോളേജിലെ അദ്ധ്യാപകനായ ബാബുരാജ് പുത്തൂർ സദാനന്ദനേയും തൃശ്ശൂരിലെ പ്രമുഖ ആയുർവേദ ഡോക്ടറായ ഡോ ബി ജയകൃഷ്ണൻ മോഹൻ എന്ന കഥാപാത്രത്തേയും അവതരിപ്പിക്കുന്നു. മോഹന്റെ ഭാര്യ ഗീതയായി നർത്തകി പ്രസന്ന ബാലനും മകളായി ബേബി നിമിഷയും സദാനന്ദന്റെ മക്കളായ ചിഞ്ചു, കണ്ണൻ എന്നീ കഥാപാത്രങ്ങളെ ബേബി ലക്ഷ്മിയും, മാസ്റ്റർ നവീൻകൃഷ്ണനും അവതരിപ്പിക്കുന്നു. സിനിമാ നടി കൃപ അതിഥി താരമാകുന്ന ഈ സിനിമയിലെ മറ്റു പ്രധാന കഥാപാത്രങ്ങൾ പ്രമുഖ നാടക നടൻ ചിത്രമോഹൻ, പ്രൊഫ കെ ബി ഉണ്ണിത്താൻ, എൻ പി കെ കൃഷ്ണൻ, ദാസ് അഞ്ചേരി, സാജു പുലിക്കോട്ടിൽ, എൻ കെ ശശീധരൻ, റുക്കിയ കേച്ചേരി, രാമചന്ദ്രൻ മനക്കൊടി എന്നിവരാണ്..

സുജിത് ആലുങ്ങൽ കഥയും തിരക്കഥയും സംഭാഷണവും നിർവ്വഹിച്ച ജലച്ഛായത്തിന്റെ ഛായാഗ്രാഹകൻ പ്രമോദ് വടകരയാണ്. സിദ്ധാർത്ഥൻ പുറനാട്ടുകര എഴുതിയ വരികൾക്ക് ഉണ്ണികുമാർ ഈണം പകർന്നു. ആലാപനം ബാബുരാജ് പുത്തൂർ. പ്രൊഡക്ഷൻ കൺട്രോളർ സാജു പുലിക്കോട്ടിൽ ചമയവും, അജീഷ് എം വിജയൻ വസ്ത്രാലങ്കാരവും, സൂര്യ കലാ സംവിധാനവും നിർവ്വഹിച്ച ജലച്ഛായം സിനിമയുടെ ചീഫ് അസോസിയേറ്റ് ഡയറക്ടർ ഭാസി പാങ്ങിലാണ്. കോട്ടയം മാങ്ങാനത്തെ കളർ സ്പോട്ട് ഡിജിറ്റൽ സ്റ്റുഡിയോയിൽ രാജേഷ് മാങ്ങാനം എഡിറ്റിങ്ങും ശബ്ദലേഖനം സുജേഷ് ശങ്കറും ശബ്ദമിശ്രണം, പശ്ചാത്തല സംഗീതം എന്നിവ പി.കെ.സജീവും നിർവ്വഹിച്ചു.

ചലച്ചിത്ര ആസ്വാദകരിൽ നിന്നും ലഭിച്ച സംഭാവനകളിലൂടെ, ദി പീപ്പിൾസ് ഫിലിംസിന്റെ ബാനറിൽ മൂന്ന് ലക്ഷം രൂപ ബഡ്ജറ്റിൽ നിർമ്മിച്ച ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ഈ സിനിമ സാറ്റലൈറ്റ് വഴി തിയ്യറ്ററുകളിൽ പ്രദർശിപ്പിക്കാൻ സാധിക്കും. തൃശ്ശൂർ സ്വദേശികളായ സതീഷ് കളത്തിൽ, സുജിത് ആലുങ്ങൽ, ഡോ ബി ജയകൃഷ്ണൻ, ബാബുരാജ് പുത്തൂർ എന്നീ സുഹൃത്തുക്കൾ 2006-2007ൽ ലോക ചിത്രകലയുടെ ഉത്ഭവ വികാസ പരിണാമങ്ങളെക്കുറിച്ച് മലയാളത്തിൽ **'വീണാവാദനം'** എന്ന ഒരു ഡോക്യുമെന്ററി നോക്കിയ എൻ70 മൊബൈൽ ഫോൺ ക്യാമറയിലൂടെ ചിത്രീകരിച്ചിരുന്നു. 20.07.2008ന് ഈ ഡോക്യുമെന്ററിയുടെ സി ഡി തൃശ്ശൂർ ഹോട്ടൽ എലൈറ്റ് ഇന്റർനാഷണലിൽ വെച്ച് സിനിമാ സംവിധായകൻ അമ്പിളി സിനിമാ സംവിധായകൻ ടി കെ വാസുദേവനു നൽകി പ്രകാശനം ചെയ്തു. അന്നു തന്നെ വീണാവാദനം 16 എം എം സ്ക്രീനിൽ വിജയകരമായി പ്രദർശിപ്പിച്ചു. 25.09.2008ൽ സെൻസർ ബോർഡ് സർട്ടിഫിക്കറ്റ് ലഭിച്ച ഈ ഡോക്യുമെന്ററി ഇതിനോടകം നിരവധി ഫിലിം ഫെസ്റ്റിവലുകളിൽ കളിക്കുകയും ഇന്ത്യയിലെ ആദ്യത്തെ മൊബൈൽ ഫോൺ ചലച്ചിത്രാവിഷ്ക്കാരമായി മാറുകയും ചെയ്തു.

വീണാവാദനത്തിന്റെ വിജയമാണ് മൊബൈലിൽ ഒരു ഫീച്ചർ ഫിലിം ചെയ്യുവാൻ ഈ ടീമിനെ പ്രാപ്തരാക്കിയത്. പ്രൊഫ കെ ബി ഉണ്ണിത്താൻ, എൻ പി കെ കൃഷ്ണൻ, സാജു പുലിക്കോട്ടിൽ, പ്രമോദ് വടകര, അജീഷ് എം വിജയൻ, ദാസ് അഞ്ചേരി, രാജേഷ് മാങ്ങാനം, പി കെ സജീവൻ, ചിത്രമോഹൻ, പ്രസന്ന ബാലൻ, ഭാസി പാങ്ങിൽ, ഉണ്ണികുമാർ, ബി അശോക് കുമാർ തുടങ്ങിയ സഹൃദയരുടെ സഹായത്തോടെ ഒന്നര വർഷത്തിനകം ജലച്ഛായം പൂർത്തിയാക്കി.

തൃശ്ശൂർ കോട്ടപ്പുറം നമ്പൂതിരി വിദ്യാലയത്തിൽ വെച്ച് 22.11.2008ൽ ഇന്ത്യയിലെ ആദ്യത്തെ നിയോ റിയലിസ്റ്റിക് സിനിമയായ 'ന്യൂസ് പേപ്പർ ബോയ് ' യുടെ സംവിധായകൻ അഡ്വ. പി രാമദാസ് ജലച്ഛായം സ്വിച്ച് ഓൺ ചെയ്തു. സിനിമാ നടി കൃപ ആദ്യ ക്ലാപ്പ് അടിച്ചു. സിനിമയുടെ ചിത്രീകരണ സമാപനം 06 12 2009ൽ മുൻ എം എൽ എ ടി വി ചന്ദ്രമോഹൻ ഉദ്ഘാടനം ചെയ്തു. സിനിമയുടെ ചിത്രീകരണത്തിന് നോക്കിയ എൻ95 മൊബൈൽ ഫോൺ ആണ് ഉപയോഗിച്ചത്.

**Sathish Kalathil**
**Producer & Director**
sathish.kalathil2009@gmail.com
Kalathil house
Sankara Iyer Road,
Poothole PO
Thrissur 680 004
Mob: 9446761243, 9809579976